എച്ച്.വി. (1) 4037/12.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,.
തിരുവനന്തപുരം, തീയതി, 16.7.2013.
website:www.cooperation.kerala.gov.in
E-mail :keralarcs.coop @kerala.gov.in

**സർക്കുലർ നമ്പർ. 46/13.**

വിഷയം. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വരെ ഓരോ മൂന്നു മാസത്തിൽ ഒരിക്കൽ പലിശ ഉൾപ്പെടെയുള്ള ബാധ്യതാ വിവരം അറിയിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

.....

ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്തിട്ടുള്ള സാമൂഹിക നീതിയും സാമ്പത്തിക പുരോഗതിയും പ്രതിഫലിക്കുന്ന പീഠികയോടെയുള്ള 1969–ലെ കേരള സഹകരണ ആക്ടിനും ആയതിൻ കീഴിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുവാൻ ബാധ്യതയുള്ള സഹകരണ സ്ഥാപനങ്ങൾ ദുർബല ജനവിഭാഗമൈത്രി സ്ഥാപനങ്ങളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ ഭവനനിർമ്മാണ വായ്പകളും മറ്റിതര വായ്പകളും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്നവരെ കൃത്യമായ ഇടവേളകളിൽ അവർ മുതൽ ഇനത്തിലും പലിശ ഇനത്തിലും എത്ര തുക തിരിച്ചടക്കേണ്ടതുണ്ട് എന്നതു സംബന്ധിച്ചുള്ള വിവരം തെര്യപ്പെടുത്താത്ത അവസ്ഥ പല സംഘങ്ങളിലും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറെ കാലത്തെ കുടിശ്ശികയിലൂടെ പലിശയും പിഴപലിശയുമടക്കം ഉയർന്ന തുകയായി ബാധ്യത വർദ്ധിക്കുന്നതു വരെ കടമെടുത്തിട്ടുള്ളവരെ ബാധ്യതാ തുക സംബന്ധിച്ചുള്ള യാതൊരു വിവരവും അറിയിക്കാതിരിക്കുന്നത് ഫലത്തിൽ അവരുടെ ഈടു വസ്തുവും മറ്റും ലേലത്തിന് വിധേയമാക്കി അവരെ നിസ്വവത്ക്കരിക്കുന്നതിനും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വളരെയധികം റിട്ട് ഹർജികൾ ബന്ധപ്പെട്ടവർ ഫയൽ ചെയ്യുന്നതിന് ഇടവരുത്തുന്നത് ഇതിനകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തിട്ടുള്ളവർക്ക് തങ്ങളുടെ ബാധ്യത തീർക്കുവാൻ സഹായകരമായ രീതിയിൽ ബാധ്യത സംബന്ധി ച്ചുള്ള അവശ്യ വിവരങ്ങൾ അറിയിക്കുവാൻ സഹകരണ സ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ട്.

ഉപരിവസ്തുതകളുടെ വെളിച്ചത്തിൽ ഓരോ ത്രൈമാസത്തിലും സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരെയും ടി വായ്പകൾ വ്യക്തികളുടെ വായ്പയിലാണ് നൽകിയിട്ടുള്ളതെങ്കിൽ ജാമ്യ ക്കാർക്കും അവരുടെ ആകെ ബാധ്യത ഏതു തീയതിയിൽ ഏതൊക്കെ ഇന ത്തിൽ എന്നു വ്യക്തമാക്കി തപാലിലൂടെ താഴെ പറയുംപ്രകാരം നൽകുന്ന മാതൃകയിൽ ഉള്ള അറിയിപ്പ് നൽകേണ്ടതാണ്.

1. അംഗത്തിന്റെ പേരും അംഗത്വ നമ്പരും –
2. വായ്പാനമ്പരും തീയതിയും തുകയും –
3. വായ്പാ തിരിച്ചടവിലേക്ക് നാളിതുവരെ മുതലിലേക്ക് ഒടുക്കിയിട്ടുള്ള തുകയും പലിശ ഇനത്തിൽ അടച്ചിട്ടുള്ള തുകയും.
4. ബാക്കി നിൽപ്പുള്ള തുക (മുതൽ/പലിശ)
5. കുടിശ്ശിക സംബന്ധിച്ചുള്ള വിവരവും പിഴപലിശ ഇനത്തിലും മേൽ കുടിശ്ശിക വായ്പകളിൽ ഒടുക്കേണ്ട തുക.

ഓരോ സഹകരണ സ്ഥാപനവും മേൽ പറയപ്പെട്ട അറിയിപ്പ് പത്രിക നൽകുന്നത് രേഖപ്പെടുത്തിയിട്ടുള്ള പ്രത്യേക രജിസ്റ്ററുകൾ തുറക്കേണ്ടതും ആയത് വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് പരിശോധനാ വേളയിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരം അറിയിപ്പുകൾക്ക് പുറമെ കഴിയുന്നിടത്തോളം വായ്പക്കാരെയും, ജാമ്യക്കാരെയും നേരിൽ കണ്ടും, ഫോൺ മുഖാന്തിരവും ഇക്കാര്യം ഓർമ്മിപ്പിക്കേണ്ടതുമാണ്.

മേൽ അറിയിപ്പുകൾ /നോട്ടീസുകൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സംഘം സെക്രട്ടറി/ഉദ്യോഗസ്ഥർ ആയതുമൂലം അംഗങ്ങൾക്കും സഹകരണ സ്ഥാപനത്തിനും പിണയുന്ന ഛേദത്തിന് ഉത്തരവാദികളായിരിക്കുന്നതാണ് എന്നും അറിയിക്കുന്നു.

സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനാവേളകളിൽ മേൽ നടപടിക്രമങ്ങൾ പാലിക്കുന്നതാണ് എന്ന് ഉറപ്പാക്കേണ്ടതാണ്.

**(ഒപ്പ്),**
**സഹകരണസംഘം രജിസ്ട്രാർ.**

**<u>പകർപ്പ്.</u>**

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി (ഉപരിപത്രം സഹിതം).
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണസ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ്സ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ,

എന്നിവർക്ക്.

4. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും, പ്രസിഡന്റ്, വൈസ്സ് പ്രസിഡന്റ്, ജനറൽ മാനേജർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
5. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
7. എല്ലാ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.(ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖാന്തിരം.)
9. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
11. സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ എല്ലാആഫീസർമാർക്കും.
12. എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ.
13. സർക്കുലർ ബുക്ക്.
14. സ്റ്റോക്ക് ഫയൽ.
15. വെബ്സൈറ്റ്.